# ജലം, ജനം, അധികാരം, ഭരണം, നിയമം,....

ഡോ. എൻ.എസ്. സോമൻ

സംഭാഷണത്തിൽനിന്ന് തയ്യാറാക്കിയത് : എൻ.പി. ജോൺസൺ, ഹരിതമൈത്രി

**ജനകീയമായി ജലാധികാരം എങ്ങിനെ നേടാനാകും? പ്രതികരണങ്ങൾ പ്രസിദ്ധീകരിച്ചു തുടങ്ങുന്നു. പ്രതികരണങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു.**

ജലവിഭവ വിനിയോഗ നിയന്ത്രണ നിയമങ്ങൾ കേരളത്തിൽ നിരവധി അപര്യാപ്തതകളുള്ളവയാണ്. കുടിവെള്ളം, കാർഷികാവശ്യം, വ്യാവസായിക ആവശ്യം തുടങ്ങിയവയുടെ കാര്യത്തിൽ കൃത്യമായ മുൻഗണനാക്രമം നിശ്ചയിക്കപ്പെട്ടിട്ടില്ല. ഭൂഗർഭജലവിനിയോഗത്തിന്റെ കാര്യത്തിൽ ഇത് അടിയന്തിരമായും വ്യവസ്ഥ ചെയ്യപ്പെടേണ്ടതാണ്.

രണ്ടാമത്, ജലവിഭവ സ്രോതസ്സുകളുടെ നിയന്ത്രണം കേന്ദ്രീകൃതമായി കൂടാത്തതാണ്. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നല്കണം. പ്രാദേശിക ആവശ്യങ്ങൾ പരിഗണിച്ച് മുൻഗണനകളും നിയന്ത്രണങ്ങളും നിശ്ചയിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടാകണം.

പൊതുവായ മുൻഗണനകൾ നിയമ നിർമ്മാണത്തിലൂടെ തന്നെ നിശ്ചയിക്കപ്പെട്ടാലെ കൊക്കക്കോള പോലുള്ള വൻകിട സംരംഭകരുടെ ചൂഷണങ്ങളെ തടയാനാകൂ. ഭൂവുടമസ്ഥന് ഭൂഗർഭജലത്തിന്റെമേൽ കേവലാവകാശം അനുവദിക്കുന്ന നിയമപരിഗണനകൾ പുനഃപരിശോധിക്കപ്പെടേണ്ടതാണ്.

വൻകിട ഡാമുകളുടെയും മറ്റും കാര്യത്തിൽ തീർച്ചയായും കേന്ദ്രീകൃത ഭരണനിയന്ത്രണം വേണ്ടിവരും. മറ്റു തരത്തിൽ വികേന്ദ്രീകൃതമായ വിഭവസംരക്ഷണ സങ്കല്പങ്ങളാണ് അഭികാമ്യം.

പരിസര മലിനീകരണത്തിന്റെ കാര്യത്തിൽ ഉത്തരവാദി കൊക്കാകോളയാണെന്ന് സ്ഥാപിച്ചെടുത്താൽ മാത്രമേ കമ്പനിയെ കുറ്റവിചാരണ ചെയ്യാനാകൂ. കൃഷിയിടങ്ങളിലെ കീടനാശിനി ഭൂഗർഭ ജലത്തിൽ എത്തുന്നതിനുള്ള സാധ്യതയും പരിശോധിക്കപ്പെടണം. ആദ്യമേ തന്നെ പരിസര ആഘാത പഠനം നടത്തേണ്ടിയിരിക്കുന്നു. മലിനീകരണ നിയന്ത്രണബോർഡ് ഇക്കാര്യത്തിൽ സുതാര്യമായി പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപമുണ്ട്. (ഉദാ : ആതിരപ്പള്ളി)

കസ്റ്റഡിമരണം പോലുള്ള സംഗതികളിലേതുപോലെ പരിസരമലിനീകരണത്തിന്റെ കാര്യത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് നിയമപരിമിതികൾ നിലനിൽക്കുന്നുണ്ട്. സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചക്ക് നഷ്ടപരിഹാരം തേടുന്നതിനും പൊതുപ്രശ്നമെന്ന നിലയിൽ ഇന്നത്തെ നിയമ വ്യവസ്ഥയിൽ കാര്യമായ സാധ്യതകളില്ല.

കോളയാണ് പരിസരത്തെ കിണറുകളും ഭൂഗർഭജലവും മലിനീകരിക്കപ്പെട്ടതിനുത്തരവാദികൾ എന്ന് തെളിയിക്കപ്പെട്ടാൽ നഷ്ടപരിഹാരം ആവശ്യപ്പെടാവുന്നതാണ്. ഇതുപക്ഷേ സർക്കാരിന് ഒരു ഭരണപരമായ ഉത്തരവിലൂടെ ആവശ്യപ്പെടാനാവില്ല - ഒത്തു തീർപ്പു ചർച്ചകളിലൂടെ സാധ്യത തേടാം - അന്തിമമായി കൊക്കോകോളയിൽ നിന്നും നഷ്ടപരിഹാരം ലഭിക്കണമെങ്കിൽ കോടതിവഴി തന്നെ ശ്രമിക്കേണ്ടിവരും. ഇതിന് തെളിവുകൾ നിർണ്ണായകമാണ്.

ഭാവിയിൽ നഷ്ടപരിഹാര വ്യവസ്ഥകൾ ലൈസൻസിങ്ങിന്റെ ഭാഗമാക്കുന്നതിന് നിയമനിർമ്മാണത്തക്കുറിച്ച് ആലോചിക്കേണ്ടതാണ്.

ഉൽപ്പാദനപ്രക്രിയയിൽ മലിനീകരണ സാധ്യത മുൻകൂട്ടി തിട്ടപ്പെടുത്തേണ്ടതാണ്. അമേരിക്കയിൽ പരിസരാഘാതപഠനത്തിന് അർദ്ധ ജൂഡിഷ്യൽ രീതിയിലുള്ള പൊതുതെളിവെടുപ്പ് രീതി നിലവിലുണ്ട്. അങ്ങനെയാണെങ്കിൽ കുറേകൂടി സുതാര്യത ഉറപ്പുവരുത്താനാകും. വിവിധ മേഖലകളിലെ വിദഗ്ധർക്ക് ഇടപെടാനുമാകും.

ലൈസൻസ് നൽകുന്നതിന് അധികാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുതന്നെയായിരിക്കണം. ജലനയം രൂപപ്പെടുത്തുന്നതിന് അക്കാദമിക് വിദഗ്ദരും സാമൂഹ്യ പ്രവർത്തകരും കൂടി പങ്കെടുക്കുന്ന ശില്പശാലകൾ നടത്തണം.

സി. ഡബ്ളിയു. ആർ. ഡി. എം. ന്റെയും മറ്റും പഠനങ്ങളിൽ പ്ലാച്ചിമടയിലെ ജലചൂഷണവും മലിനീകരണവും തിട്ടപ്പെടുത്തുന്നതിന് പരിസരത്തെ കൂടുതൽ കിണറുകൾ ഉൾപ്പെടുത്തിയതിൽ ശാസ്ത്രീയമായ പിഴവുകൾ ഉണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്. ഈ അപാകത പരിഹരിക്കുന്നതിന് കോടതിക്ക് കഴിയാതെ പോയത് ഹൈക്കോടതി വ്യവഹാരങ്ങളുടെ പൊതുരീതിയുടെ ഒരു പരിമിതിയാണ്. കീഴ്ക്കോടതി ആയിരുന്നുവെങ്കിൽ വാദം കേൾക്കുമ്പോൾ തന്നെ ഈ പിഴവ് ചൂണ്ടിക്കാണിക്കുന്നതിനും പരിഹരിക്കുന്നതിനും കഴിയുമായിരുന്നു. പ്ലാച്ചിമട പ്രശ്നത്തിൽ സമരം ചെയ്യുന്നവരും സർക്കാർ സംവിധാനങ്ങളും തുടർന്ന് ഏതുവഴി തെരഞ്ഞെടുക്കണമെന്നത് രാഷ്ട്രീയമായ ഒരു പ്രശ്നമാണ്.

പ്രൊഫസർ, സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്,
കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല, കളമശ്ശേരി.